കർമ്മലകുസുമം

പ്രഥമം ● പ്രബുദ്ധം ● പ്രവാചകം

സ്ഥാപിതം : 1903

മലയാളത്തിലെ പ്രഥമ ക്രിസ്തീയ കുടുംബ മാസിക
പ്രസിദ്ധീകരണത്തിന്റെ 121 വർഷങ്ങൾ



# "പിതാവിൽനിന്നും — പുത്രനിൽനിന്നും — പുറപ്പെടുന്ന പരിശുദ്ധാത്മാവ്": മലയാളഭാഷയിലെ ചിഹ്നനരീതിയും വ്യാഖ്യാനസംബന്ധിയായ കാനൻനിയമങ്ങളും

ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം.ഐ.

കർമ്മലകുസുമം, മാന്നാനം, കോട്ടയം, കേരളം - 686 561

**ആമുഖം**

"പിതാവിൽ നിന്നും – പുത്രനിൽ നിന്നും – പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏകപരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്നുള്ള സീറോ-മലബാർ സഭയുടെ തക്സായിൽ കൊടുത്തിരിക്കുന്ന വിശ്വാസപ്രമാണത്തിൽ, "പുത്രനിൽ നിന്നും" എന്നുള്ള ഭാഗം ചങ്ങനാശ്ശേരി തുടങ്ങിയ പല രൂപതകളിലും ചൊല്ലുന്നില്ലാത്തതിനാൽ പ്രസ്തുത രൂപതകൾ തെറ്റിലും പാഷണ്ഡതയിലുമൊക്കെ യാണ് എന്നുള്ള ചില കുബുദ്ധികളുടെ ദുഷ്പ്രചരണം കഴിഞ്ഞ ഒന്ന് രണ്ട് മാസങ്ങളിലായി നവമാധ്യമങ്ങളിലൂടെ ചില സഭാവിരുദ്ധർ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിനൊരു വിശദീകരണമോ മറുപടിയോ നൽകി വിശ്വാസികളുടെ തെറ്റിദ്ധാരണ മാറ്റുവാൻ സീറോ-മലബാർ സഭയുടെ ഔദ്യോഗിക വക്താവ് (PRO) ശ്രമിച്ചതായും കാണപ്പെടുകയുണ്ടായില്ല. എന്നാൽ, ശ്രദ്ധേയമായ ഒരു കാര്യം ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത, അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഒരു സർക്കുലർ വഴി (24 Ch. 299-381, *വേദപ്രചാരമദ്ധ്യസ്ഥൻ*, വാല്യം 96, ലക്കം 9, 2024 മാർച്ച്, പേജ് 28-33) ഇക്കാര്യത്തെപ്പറ്റി വ്യക്തത വരുത്തുകയുണ്ടായി എന്നതാണ്. അതുപോലെ തന്നെ, സീറോ-മലബാർ സഭയുടെതന്നെ പ്രസിദ്ധീകരണമായ *സീറോമലബാർ വിഷൻ* എന്ന മാസികയുടെ 2024 മാർച്ച് ലക്കത്തിൽ തത്സംബന്ധിയായി "ഫീലിയോക്വേ പ്രശ്നം" എന്ന തലക്കെട്ടോടുകൂടി പണ്ഡിതനും സഭാചരിത്രകാര നുമായ ഡോ. ജയിംസ് പുലിയുറുമ്പിൽ അച്ചന്റെ ലേഖനവും ഇതേ വിഷയസംബന്ധിയായി വളരെയധികം അറിവുകൾ പ്രദാനം ചെയ്യുന്നുണ്ട്. എന്നിരുന്നാലും, ഈ വിവാദങ്ങൾ അനാവശ്യവും അനവസരത്തിലു ള്ളതും സഭയിൽ ഭിന്നത വരുത്തുവാനുള്ള ലക്ഷ്യത്തോടുകൂടി ദുരുദ്ദേശപരമായി സഭാശത്രുക്കൾ പടച്ചുവിടുന്നതുമാണെന്നത് കൂടുതൽ വ്യക്തമാക്കുവാൻ മലയാള ഭാഷാപരവും കാനോനികവുമായ ഒരു ഉപരിയായ അപഗ്രഥനം ഈ വിഷയത്തിലാവശ്യമുണ്ട് എന്നുള്ള ബോദ്ധ്യമാണ് ഈ ലേഖനത്തിന്റെ ആധാരം.

**1. മലയാളഭാഷയിലെ ചിഹ്നനങ്ങൾ (Punctuation)**

ലിഖിത ഭാഷയിൽ, വിവക്ഷിതം വ്യക്തമാക്കുന്നതിനായി വാക്കുകളിൽ ചില അടയാളങ്ങൾ ഇടുന്നതിനാണ് ചിഹ്നനം എന്ന് പറയുന്നത്. ഭാഷണത്തിലെ വിരാമങ്ങളേയും അനുതാനങ്ങളെയും (intonation) എഴുത്തിന്റെ ഘടനയിലേക്ക് പരിവർത്തിപ്പിക്കുകയാണ് ചിഹ്നനം. അന്വയ (prose order) ത്തിൽ സന്ദേഹത്തിന് ഇടകൊടുക്കാതിരിക്കുകയാണ് ചിഹ്നനങ്ങളുടെ ധർമ്മം. മലയാളഭാഷയിലെ ചിഹ്ന നങ്ങളെപ്പറ്റിയുള്ള ശരിയായ അറിവിന്റെ അഭാവമാണ് "പിതാവിൽ നിന്നും — പുത്രനിൽ നിന്നും — പുറപ്പെടുന്ന... പരിശുദ്ധാത്മാവ്" എന്ന വിശ്വാസപ്രമാണഭാഗം തെറ്റായി ചിലരെങ്കിലും മനസ്സിലാക്കുവാൻ കാരണമെന്നുള്ള തോന്നൽ, ഈ വിഷയസംബന്ധിയായി അല്പം ആഴത്തിലുള്ള വിശദീകരണം ആവശ്യമാക്കുന്നു. ശബ്ദതാരാവലിയിൽ, 'ചിഹ്നനം' എന്ന വാക്കിന് നൽകുന്ന വിശദീകരണം "അങ്ങോട്ടും ഇങ്ങോട്ടും അന്വയിക്കാവുന്ന വാചകങ്ങളെ ഇന്നതിൽ ചേരേണ്ടതെന്ന് വ്യവസ്ഥപ്പെടുത്താൻ വേണ്ടി ഉപയോഗിക്കുന്ന അടയാളം," (Punctuation) എന്നാണ്. എന്നാൽ വാചകങ്ങളെ മാത്രമല്ല, വാക്കുകളെ യോജിപ്പിക്കുകയോ വിയോജിപ്പിക്കുകയോ ചെയ്യുന്ന ധർമ്മവും ചിഹ്നനങ്ങൾക്കുണ്ട് എന്നു കൂടി ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതുണ്ട്. ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലിയുടെ 42-ാം പതിപ്പ് (2017) അനുസരിച്ച് മലയാളഭാഷയിലെ ചിഹ്നനങ്ങൾ താഴെപ്പറയുന്നവയാണ്: അങ്കുശം (അൽപ്പവിരാമം: coma), ഉദ്ധരണി (Quotation mark), കാകു (ചോദ്യചിഹ്നം, interrogation mark), കോഷ്ടം (square bracket), പ്രശ്ലേഷം (avagraham), ബിന്ദു (പൂർണ്ണവിരാമം, കുത്ത്, full stop), ഭിത്തിക (അപൂർണ്ണവിരാമം, colon), രേഖ (dash), രോധിനി (അർദ്ധവിരാമം, semi colon), വലയം (ആവരണം, bracket), വിക്ഷേപിണി (ആശ്ചര്യചിഹ്നം, സ്തോഭചിഹ്നം, വ്യാക്ഷേപചിഹ്നം), വിശ്ലേഷം (ലോപിച്ചുപോയതിനെ സൂചിപ്പിക്കുന്ന അടയാളം), ശൃംഖല (ചെറുവര, hyphen), ഹംസപാദം എന്നിവയാണ്.

മുകളിൽ കൊടുത്തിരിക്കുന്ന ചിഹ്നനങ്ങളിൽ "പിതാവിൽ നിന്നും — പുത്രനിൽ നിന്നും — പുറപ്പെടുന്ന" എന്ന വിശ്വാസപ്രമാണഭാഗത്ത് കൊടുത്തിരിക്കുന്ന അടയാളം 'ശൃംഖല' അഥവാ ചെറുവര (hyphen) അല്ല എന്നും പ്രത്യുത, അത് രേഖ (dash) എന്നോ ദീർഘരേഖ എന്നോ വിശേഷിക്കപ്പെടുന്നതാണ് എന്നതുമാണ് വസ്തുത. ശൃംഖല അഥവാ hyphen രണ്ട് വാക്കുകളെ യോജിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ള ചിഹ്നമാണെങ്കിൽ, രേഖ (dash) തികച്ചും വ്യത്യസ്തമായിട്ടുള്ള ഒരു അർത്ഥമാണ് ഉദ്ദേശിക്കുന്നത്. അത് ആദ്യത്തെ വാക്കിന്റെ വിശദീകരണമാവാം; അല്ലെങ്കിൽ, ആദ്യത്തെ വാക്കിന് പകരം വെക്കാവുന്നതുമാകാം. 'രേഖ' എപ്പോഴും ഉപയോഗിക്കുക ഒരു വാക്കിന് മുമ്പും ശേഷവുമായിട്ടായിരിക്കും. ശബ്ദതാരാവലി 'രേഖ'യ്ക്ക് കൊടുത്തിരിക്കുന്ന അർത്ഥം "ചുരുക്കിപ്പറഞ്ഞതിനെ വിവരിക്കുന്നു എന്നതിനുള്ള ഒരു ചിഹ്നനം" എന്നാണ്. മറ്റൊരുവാക്കിൽ പറഞ്ഞാൽ, "പിതാവിൽ നിന്നും — പുത്രനിൽ നിന്നും — പുറപ്പെടുന്ന... പരിശുദ്ധാത്മാവ്" എന്നത് ഗ്രഹിക്കേണ്ടത്, പിതാവിൽ നിന്നും, അതായത്, പുത്രനിൽ നിന്നും' പുറപ്പെടുന്ന പരിശുദ്ധാത്മാവ് എന്നാണ്. അല്ലാതെ "പിതാവിൽ നിന്നും-പുത്രനിൽ നിന്നും" എന്നുള്ള ശൃംഖല അഥവാ ചെറുവരയല്ല ഇവിടെ കാണുന്നത്. Hyphen അഥവാ ചെറുവരയിട്ട് യോജിപ്പിച്ചവയിൽ ഒരു ഭാഗം ഉപേക്ഷിക്കുമ്പോൾ അത് ഒരു

ആശയത്തെ ഉപേക്ഷിക്കുന്നതിന് തുല്യമാകും. എന്നാൽ, രണ്ട് രേഖകൾക്കുള്ളിലുള്ള ഭാഗം ഒരു വാചകത്തിൽനിന്ന് ഉപേക്ഷിച്ചാൽപ്പോലും ആ വാചകത്തിന്റെ അർത്ഥത്തിന് ഒരു കോട്ടവും സംഭവിക്കുകയില്ല എന്നതാണ് ഈ വിഷയസംബന്ധിയായ വ്യാകരണനിയമം: അത് മലയാളഭാഷയിലാണെങ്കിലും മറ്റ് ഭാഷകളിലാണെങ്കിലും. ശൃംഖലയ്ക്കുദാഹരണമാണ് "സീറോ-മലബാർ", "നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം" തുടങ്ങിയവ. രേഖ എന്ന ചിഹ്നനം, സീറോ-മലബാർ തക്സയിൽ, വിശ്വാസപ്രമാണത്തിൽ മാത്രമല്ല കാണുന്നത്; പ്രത്യുത, അത്, മാർ അദ്ദായിയുടെയും മാർ മാറിയുടെയും നാമത്തിലുള്ള ഒന്നാമത്തെ കൂദാശക്രമത്തിന്റെ മൂന്നാം പ്രണാമജപത്തിന്റെ ഭാഗമായുള്ള കാർമ്മികന്റെ കൈവിരിച്ചുപിടിച്ചുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിലും കാണുന്നുണ്ട്. അവിടെ കാണപ്പെടുന്നതിങ്ങനെയാണ്: "...മെത്രാനും പുരോഹിതന്മാർ, മ്ശംശാനമാർ — സമർപ്പിതർ അത്മായ പ്രേഷിതർ — ഭരണകർത്താക്കൾ, മേലധികാരികൾ എന്നിവർക്കും..." ഇവിടെ രണ്ട് രേഖകൾക്ക് നടുവിൽ കൊടുത്തിരിക്കുന്ന "സമർപ്പിതർ, അത്മായ പ്രേഷിതർ" എന്ന ഭാഗം പിന്നീട് കൂട്ടിച്ചേർത്തിട്ടുള്ളതും ഉപേക്ഷിക്കാവുന്നതും അഥവാ ഐച്ഛികവും ആണ്. ഇതേ രീതിയിലുള്ള കൂട്ടിച്ചേർക്കലുകൾ മാർ തെയദോറിന്റെയും മാർ നെസ്തോറിയസ്സിന്റെയും കൂദാശക്രമത്തിലും രണ്ട് രേഖകളുടെ മദ്ധ്യേ നൽകിക്കൊണ്ട് സീറോ-മലബാർ തക്സയിൽ നടത്തിയിട്ടുണ്ട്.

### 2. പൗരസ്ത്യകാനൻ നിയമത്തിലെ വ്യാഖ്യാന സംബന്ധിയായുള്ള തത്ത്വങ്ങൾ (Hermeneutical Principles in CCEO)

പൗരസ്ത്യ കാനോനസംഹിതയിലെ 1488 മുതൽ 1505 വരെയുള്ള കാനോനകൾ പൊതുവായും, അതിൽത്തന്നെ 1498, 1499 എന്നീ കാനോനകൾ പ്രത്യേകമായും വ്യക്തമാക്കുന്നുണ്ട് സഭാനിയമങ്ങൾ എങ്ങനെയാണ് വ്യാഖ്യാനിച്ച് മനസ്സിലാക്കേണ്ടതെന്ന്. അതിൽത്തന്നെ 1498-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "ആധികാരികമായി നിയമം വ്യാഖ്യാനിക്കുന്നത് നിയമ ദാതാവും ആധികാരിക വ്യാഖ്യാനത്തിനുള്ള അധികാരം അദ്ദേഹം ആർക്ക് കൊടുത്തിട്ടുണ്ടോ അയാളുമായിരിക്കും." മറ്റൊരുവാക്കിൽ പറഞ്ഞാൽ സീറോ-മലബാർ സഭയിലെ ദൈവാരാധന സംബന്ധിയായ നിയമങ്ങൾ (liturgical laws), ആധികാരികമായി വ്യാഖ്യാനിക്കുവാൻ അധികാരമുള്ള സമിതി അവ ഉണ്ടാക്കിയിരിക്കുന്ന സീറോ-മലബാർ മെത്രാൻ സിനഡാണ് . ഏതായാലും, മെത്രാൻസിനഡ് ഈ അധികാരം എറണാകുളം വിമതർക്ക് നൽകിയിട്ടില്ല എന്നത് വ്യക്തം. എറണാകുളം വിമതരുടെ വാദം, "പിതാവിൽ നിന്നും — പുത്രനിൽ നിന്നും — പുറപ്പെടുന്ന" എന്ന വിശ്വാസപ്രമാണത്തിലെ "പുത്രനിൽ നിന്നും" എന്നുള്ള ഭാഗം തക്സയിലെ പൊതുനിർദ്ദേശം 31-ാം നമ്പർ പ്രകാരമുള്ള [ ] അടയാളപ്രകാരം ഉപേക്ഷിക്കാവുന്നതായി അടയാളപ്പെടുത്താത്തതിനാൽ, സിനഡിന്റെ തീരുമാനം "പുത്രനിൽ നിന്നും" എന്നുള്ള ഭാഗം ഐച്ഛികമല്ല എന്നും അതിനാൽത്തന്നെ അത് ഉപേക്ഷിക്കുന്നത് നിയമവിരുദ്ധവും പാഷണ്ഡതയുമാണ് എന്നതുമാണ്. ഈ വാദം തീർത്തും തെറ്റാണ്. കാരണം, ഒന്നാമതായി, "പുത്രനിൽ നിന്നും" എന്നുള്ളത് ഐച്ഛികമല്ലായിരുന്നുവെങ്കിൽ "പിതാവിൽ നിന്നും പുത്രനിൽ നിന്നും" എന്ന് ഇടയ്ക്ക് രേഖാചിഹ്നനം ഇല്ലാതെ ഒന്നിച്ചെഴുതിയാൽ മാത്രം മതിയായിരുന്നു. അങ്ങനെയാണല്ലോ ലത്തീൻ സഭയുടെ റോമൻ മിസ്സലിൽ കൊടുത്തിരിക്കുന്നതും. റോമൻ മിസ്സലിലെ രീതിയിൽ നിന്ന് വ്യത്യസ്തമായി രേഖാചിഹ്നനത്തിനകത്ത് "പുത്രനിൽ നിന്നും" എന്ന് കൊടുത്തിരിക്കുന്നതിൽനിന്നുതന്നെ വ്യക്തമാണ് ആ ഭാഗം ഐശ്ചികമാണ് എന്നത്. യഥാർത്ഥത്തിൽ "പുത്രനിൽ നിന്നും" എന്നുള്ള ഭാഗം കാർമ്മികന് ഉപേക്ഷിക്കുകയോ ചൊല്ലുകയോ ചെയ്യുവാൻ സാധിക്കുന്ന ഐച്ഛികത്തിൽപ്പെടുന്നതുമല്ല എന്നുള്ള വസ്തുതയെ സൂചിപ്പിക്കുവാൻ കൂടിയാണ്, ഐച്ഛികത്തിനായി തക്സയിലെ പൊതുനിർദ്ദേശത്തിലെ 31-ാം നമ്പറിലെ അടയാളത്തിന് പകരം ഇവിടെ രേഖാചിഹ്നനം ഉപയോഗിച്ചിരിക്കുന്നത് എന്ന വാദം നൈയാമികമായി അംഗീകരിക്കാവുന്നതുമാണ്. കാരണം, "പുത്രനിൽ നിന്നും" എന്നുള്ള ഭാഗം വിശ്വാസപ്രമാണത്തിൽ ഉപയോഗിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം റോമാ മാർപാപ്പ നൽകിയിരിക്കുന്നത് രൂപതാ മെത്രാന്മാർക്കാണ്; കുർബാനയർപ്പണം നടത്തുന്ന കാർമ്മികർക്കല്ല. 1959 ൽ മാർപാപ്പയ്ക്കുവേണ്ടി പൗരസ്ത്യ കാര്യാലയം സീറോ-മലബാർ രൂപതാമെത്രാന്മാർക്ക് നൽകിയിട്ടുള്ള ഈ അനുവാദം ഇന്നും നിലനിൽക്കുന്നു. പരിശുദ്ധ സിംഹാസനം നൽകിയ അനുവാദം മറ്റൊരു ഡിക്രി വഴി പരിശുദ്ധ സിംഹാസനമോ മാർപാപ്പ നേരിട്ടോ പിൻവലിക്കുന്നതുവരെ ആ അനുവാദം നൈയാമികമായി നിലനിൽക്കുന്നുണ്ട്. മാർപാപ്പ അഥവാ പരിശുദ്ധ സിംഹാസനം നൽകിയ ഒരു അനുവാദം റദ്ദ് ചെയ്യുവാൻ അതിലും താഴത്തെ അധികാരിയായ സീറോ-മലബാർ സിനഡിന് സാധ്യമല്ലാത്തതിനാലാണ് അത് സൂചിപ്പിക്കുവാൻ രേഖാചിഹ്നന മദ്ധ്യേ "പുത്രനിൽ നിന്നും" എന്ന് വിശ്വാസപ്രമാണത്തിൽ ചേർത്തിരിക്കുന്നത്.

പൗരസ്ത്യ കാനോനസംഹിതയിലെ 1499-ാം കാനോന എങ്ങനെ നിഷ്കർഷിക്കുന്നു: "നിയമങ്ങൾ മനസ്സിലാക്കേണ്ടത് അവയുടെ മൂലവാക്യ (text) വും സന്ദർഭവും കണക്കിലെടുത്തുകൊണ്ട് വാക്കുകളുടെ ശരിയായ അർത്ഥമനുസരിച്ചായിരിക്കണം. എന്നിട്ടും അർത്ഥം സംശയകരമായിരിക്കുകയോ അവ്യക്തമായിരിക്കുകയോ ചെയ്താൽ, സദൃശ്യവാക്യങ്ങൾ ഉണ്ടെങ്കിൽ അവയും, നിയമത്തിന്റെ ലക്ഷ്യം, സാഹചര്യം, നിയമദാതാവിന്റെ ഉദ്ദേശം എന്നിവയും കണക്കിലെടുക്കണം." നിയമവ്യാഖ്യാനത്തിലെ

ആദ്യതത്ത്വം "മൂലവാക്യവും സന്ദർഭവും കണക്കിലെടുക്കുക" എന്നതാണ്. "പിതാവിൽ നിന്നും" എന്നതിനുശേഷം രേഖാചിഹനനം ഉപയോഗിച്ചിരിക്കുന്നത് പ്രത്യേക സൂചന നൽകാനാണ് എന്നത് വ്യക്തം. ആ സൂചന, ഇക്കാര്യത്തിൽ "പുത്രനിൽ നിന്നും" എന്ന ഭാഗം ചൊല്ലണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് അതാത് രൂപതകളിലെ രൂപതാമെത്രാന്റെ നിർദ്ദേശമനുസരിച്ചാണ് എന്നതുതന്നെ. അതേ കാനോന വ്യക്തമാക്കുന്ന മറ്റൊരു കാര്യം, മൂലവാക്യത്തിൽ നിന്നും സന്ദർഭത്തിൽ നിന്നും അർത്ഥം വ്യക്തമാകുന്നില്ലെങ്കിൽ "സദൃശ്യവാക്യങ്ങൾ" നോക്കുക എന്നതാണ്. സീറോ-മലബാർ സഭയുടെ കുർബാന തക്സയിൽ രേഖാചിഹനനം ഉപയോഗിച്ചിരിക്കുന്ന മറ്റൊരു ഭാഗം, നേരത്തെ പ്രതിപാദിച്ച മൂന്നാം പ്രണാമജപത്തിലെ മദ്ധ്യസ്ഥപ്രാർത്ഥനയാണ്. അവിടെ കൊടുത്തിരിക്കുന്ന രേഖാ ചിഹനനത്തിനകത്തുള്ള ഭാഗം, അതായത്, "സമർപ്പിതർ, അത്മായ പ്രേഷിതർ" എന്ന ഭാഗം, പിന്നീട് കൂട്ടിച്ചേർത്തിട്ടുള്ളതും ഐശ്ചികവുമാണെന്നതും അക്കാര്യത്തിൽ രൂപതാദ്ധ്യക്ഷന്മാർക്ക് തങ്ങളുടെ രൂപതകളിൽ നിർദ്ദേശം കൊടുക്കാവുന്നതുമാണെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടെന്നും തോന്നുന്നില്ല.

ശ്രദ്ധേയമായ മറ്റൊരു വസ്തുത, സീറോ-മലബാർ സഭയുടെ കുർബാന തക്സയിൽ ഗീതരൂപത്തിൽ കൊടുത്തിരിക്കുന്ന മൂന്ന് വിശ്വാസപ്രമാണങ്ങളിൽ രണ്ടെണ്ണത്തിലും "പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന" പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ഭാഗം തന്നെ ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്നതാണ്. എന്നാൽ, ഇക്കാര്യത്തിലും ആരും സീറോ-മലബാർ സഭയിൽ പാഷണ്ഡത എന്ന് ആക്രോശിക്കേണ്ടതില്ല; കാരണം, ലത്തീൻ സഭയുടെ റോമൻ മിസ്സലിലും നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിന് പുറമേ, അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം എന്നപേരിൽ കൊടുത്തിരിക്കുന്ന വിശ്വാസപ്രമാണത്തിലും "പിതാവിലും പുത്രനിലും നിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്" എന്ന ഭാഗം ഇല്ല എന്നതുതന്നെ.

### 3. നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണവും ഫീലിയോക്വേ വിവാദവും

എ.ഡി 325 ലെ നിഖ്യായിൽ വച്ചുനടന്ന ആദ്യത്തെ എക്യുമെനിക്കൽ സൂനഹദോസിലും എ.ഡി 381 ൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ചുനടത്തിയ രണ്ടാം എക്യുമെനിക്കൽ സൂനഹദോസിലുമായി രൂപപ്പെടുത്തി പ്രഖ്യാപിച്ചുറപ്പിച്ച വിശ്വാസപ്രമാണമാണ് നിഖ്യാവിശ്വാസപ്രമാണം എന്ന് പൊതുവേ അറിയപ്പെടുന്നതും ലത്തീൻ സഭയുടെ റോമൻ മിസ്സലിലുൾപ്പെടെ എല്ലാ പൗരസ്ത്യ കത്തോലിക്കാ അകത്തോലിക്കാ ബലിയർപ്പണ ഗ്രന്ഥങ്ങളിലും കാണുന്നതും. പാശ്ചാത്യസഭയുടെ റോമൻ മിസ്സലിൽ, ഇതിനോടൊപ്പം തന്നെ അപ്പസ്തോലന്മാരുടെ പേരിൽ അറിയപ്പെടുന്ന വിശ്വാസപ്രമാണം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുമാത്രം.

എ.ഡി. 431 ലും എ.ഡി. 451 ലുമായി നടന്ന മൂന്നും നാലും എക്യുമെനിക്കൽ കൗൺസിലുകളുടെ തീരുമാനം നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ ആരും ഒരിക്കലും യാതൊരു വ്യത്യാസവും വരുത്തുവാൻ പാടില്ല എന്നതായിരുന്നു. ആ വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെ പ്പറ്റി പറഞ്ഞിരുന്നത് "പിതാവിൽനിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവ്" എന്ന് മാത്രമാണ്. അവിഭക്ത കത്തോലിക്കാസഭയുടെ ആദ്യത്തെ നാല് സാർവത്രിക സൂനഹദോസിന്റെ ഈ തീരുമാനത്തോട് - അതായത്, നിഖ്യാവിശ്വാസ പ്രമാണത്തിൽ ഒന്നും കൂട്ടിച്ചേർക്കുവാനോ മാറ്റം വരുത്തുവാനോ പാടില്ല എന്ന തീരുമാനത്തോട് - പൗരസ്ത്യ കത്തോലിക്കാ അകത്തോലിക്കാ സഭകളെല്ലാം എല്ലാക്കാലവും വിശ്വസ്തത പുലർത്തിയപ്പോൾ, ലത്തീൻ സഭ, ആ വിശ്വാസപ്രമാണത്തിൽ "പിതാവിൽ നിന്നും" എന്നതിനോടൊപ്പം "പുത്രനിൽ നിന്നും" എന്നുകൂടി കൂട്ടിച്ചേർക്കുകയുണ്ടായി. ഇങ്ങനെ "പുത്രനിൽ നിന്നും" എന്നുള്ള കൂട്ടിച്ചേർക്കലിനാണ് "ഫീലിയോക്വേ" (filioque) വിവാദം എന്ന് സഭാചരിത്രത്തിലറിയപ്പെ ടുന്നത്. നമ്മുടെ കർത്താവിന്റെ മാമ്മോദീസയുടെ സമയത്ത് അവിടുത്തെമേൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്നതും അക്കൂട്ടത്തിലെ പിതാവായ ദൈവത്തിന്റെ ശബ്ദവും സൂചിപ്പിക്കുക പിതാവായ ദൈവത്തിൽ നിന്ന് പുത്രനിലേക്ക് ഇറങ്ങിവന്ന പരിശുദ്ധാത്മാവിനെയാണല്ലോ. അതുപോലെ, "എന്റെ നാമത്തിൽ പിതാവയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ്" (യോഹ 14:26), "പിതാവിൽ നിന്നും പുറപ്പെടുന്ന സത്യാത്മാവ്" (യോഹ 15:26) എന്നീ കർത്താവിന്റെ വാക്കുകൾ പിതാവിൽ നിന്നാണ് പരിശുദ്ധാത്മാവ് പുറപ്പെടുന്നതെന്ന വാദഗതിക്ക് ഉപോത്ബലകമായി പൗരസ്ത്യസഭകൾ ചൂണ്ടിക്കാട്ടിയപ്പോൾ, "ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുത്തേക്ക് ഞാൻ അയക്കും" (യോഹ 16:8) എന്നുതുടങ്ങിയ വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ "പുത്രനിൽ നിന്ന്" എന്ന് കൂട്ടിച്ചേർക്കുവാൻ പാശ്ചാത്യ സഭയ്ക്ക് പ്രേരണ നൽകി. ഏതായാലും, ആദ്യത്തെ നാല് സൂനഹദോസുകളിലെ പൊതുതീരുമാനത്തിന് വിരുദ്ധമായി ലത്തീൻസഭ പ്രവർത്തിച്ചതിന്റെ പേരിൽ പൗരസ്ത്യസഭകൾ, പ്രത്യേകിച്ച് ഗ്രീക്ക് സഭ, പാശ്ചാത്യസഭയിൽ പാഷണ്ഡത ആരോപിക്കുകയും എ.ഡി.1054 ലെ പാശ്ചാത്യ പൗരസ്ത്യ സഭകൾ തമ്മിലുള്ള പിളർപ്പിന് ഒരു പ്രധാന കാരണമായിത്തീരുകയും ചെയ്തു എന്നതാണ് ചരിത്ര വസ്തുത.

എന്നാൽ ഫ്ളോറൻസിൽ വച്ചുനടന്ന (1438-1445) സഭൈക്യ സാർവത്രിക സൂനഹദോസിൽ പൗരസ്ത്യ സഭകളുടെ പ്രതിനിധികളും പങ്കെടുക്കുകയും, അതിലെ ചർച്ചകളിൽ നിന്നുരുത്തിരിഞ്ഞ "ആകാശമേ ആഹ്ലാദിച്ചാലും" (Laetentur Coeli: let the heavens rejoice) എന്ന 'പേപ്പൽ ബൂൾ' വഴി, പൗരസ്ത്യ പാശ്ചാത്യ നിലപാടുകൾ സത്താപരമായി ഒന്നുതന്നെയാണെന്ന് പ്രഖ്യാപിക്കപ്പെടുകയുമാണുണ്ടായത്.

അതിനുശേഷവും ലത്തീൻ സഭ "പുത്രനിൽ നിന്നും" എന്ന് കൂട്ടിച്ചേർത്ത വിശ്വാസപ്രമാണം നിഖ്യാ വിശ്വാസപ്രമാണത്തിന്റെ ഭാഗമായി ഉപയോഗിച്ചുകൊണ്ടിരുന്നപ്പോൾ, പൗരസ്ത്യ സഭകളിൽ ആ കൂട്ടിച്ചേർക്കലില്ലാത്ത, കലർപ്പില്ലാത്ത വിശ്വാസപ്രമാണം തുടർന്നുകൊണ്ടേയിരുന്നു.

1599 ലെ ഉദയംപേരൂർ സൂനഹദോസിലൂടെ, മാർത്തോമ്മാ നസ്രാണികളുടെ പൗരസ്ത്യ സുറിയാനി ആരാധനക്രമം ലത്തിനീകരിച്ചതോടുകൂടി, ലത്തീൻ സഭയിലെ "പുത്രനിൽ നിന്നും" എന്ന ഭാഗവും ഇവിടുത്തെ സുറിയാനി കത്തോലിക്കരുടെ ആരാധനക്രമഗ്രന്ഥങ്ങളിൽ ചേർക്കപ്പെടുകയാണുണ്ടായത്. എന്നാൽ 1934 ൽ പരിശുദ്ധ സിംഹാസനം മുൻകൈയെടുത്ത് ആരംഭിച്ച സീറോ-മലബാർ സഭയുടെ ആരാധനക്രമ പരിഷ്കരണവേളയിൽ ഈ വിഷയം ചർച്ചയ്ക്ക് വരികയും അതിൽ തത്സംബന്ധിയായി 1959 ൽ സീറോ-മലബാർ സഭയ്ക്ക്, ഒരു ഒത്തുതീർപ്പ് വ്യവസ്ഥ എന്ന രീതിയിൽ, "പുത്രനിൽ നിന്നും" എന്ന ഭാഗം ഉപയോഗിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം അതാത് രൂപതാ മെത്രാന്മാർക്ക് നൽകുകയുമാണുണ്ടായത്. മാർപാപ്പയുടെ നാമത്തിൽ പരിശുദ്ധ സിംഹാസനം നൽകിയിട്ടുള്ള ഈ നിർദ്ദേശം ഇതുവരെ റദ്ദ് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ അത് സാധുവായും നൈയാമികമായും തുടരുന്നു എന്നതാണ് വസ്തുത. ഈ തീരുമാനം 'ഭരണപരമായ നടപടി' (administrative act) എന്ന വിഭാഗത്തിലാണ് വരിക. പൗരസ്ത്യ കാനോന സംഹിതയിലെ 1513-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഇങ്ങനെ പ്രസ്താവിക്കുന്നു: "മറ്റ് രീതിയിൽ നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്യുകയോ, ഭരണപരമായ നടപടികൾ പുറപ്പെടുവിച്ച അധികാരിയെക്കാൾ ഉയർന്ന അധികാരി നിയമം പാസ്സാക്കുകയോ ചെയ്യാത്ത പക്ഷം വിപരീതമായ ഒരു നിയമം വഴി ഭരണപരമായ ഒരു നടപടിയും പിൻവലിക്കപ്പെടുന്നില്ല." മറ്റൊരു വാക്കിൽ പറഞ്ഞാൽ, "പിതാവിൽ നിന്നും" എന്നതിനോടൊപ്പം "പുത്രനിൽ നിന്നും" കൂടി കൂട്ടിച്ചേർക്കണമെന്ന് നിയമം നിർമ്മിക്കുവാൻ മാർപാപ്പയുടെ താഴെ മാത്രം അധികാരമുള്ള സീറോ-മലബാർ സിനഡിനാവില്ല. ഇതറിയാവുന്ന സീറോ-മലബാർ സിനഡ് അതിന് ശ്രമിച്ചിട്ടുമില്ല. അതിനാൽത്തന്നെ, ഓരോ രൂപതയിലും ബലിയർപ്പിക്കുമ്പോഴും അതുപോലെ വിശ്വാസം പരസ്യമായിട്ട് പ്രഖ്യാപിക്കേണ്ട അവസരം വരുമ്പോഴും ഉപയോഗിക്കേണ്ട വിശ്വാസപ്രമാണം, അതാത് രൂപതയിൽ ഉപയോഗത്തിലിരിക്കുന്ന "പുത്രനിൽ നിന്നും" എന്ന് കൂടിയതോ, അത് ഒഴിവാക്കിയതോ ആയ രൂപത്തിലായിരിക്കണം. അതാണ്, സീറോ-മലബാർ സഭയിൽ ഇന്ന് നിലവിലുള്ള നിയമം; ഇനി ഒരു മാർപാപ്പ മറ്റൊരു തീരുമാനമെടുത്ത് പ്രഖ്യാപിക്കുന്നതുവരെ.

**4. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനം**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പൗരസ്ത്യസഭകളെപ്പറ്റിയുള്ള ഡിക്രി *ഓറിയെന്താലിയും എക്ലെസിയാരും* (*Orientalium Ecclesiarum*) ഇങ്ങനെ പഠിപ്പിക്കുന്നു: "നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യസഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ. ജീവാത്മകമായ വളർച്ചയ്ക്ക് മാത്രമല്ലാതെ യാതൊരു മാറ്റവും അവയിൽ വരുത്താവുന്നതല്ല. അതിനാൽ, ഏറ്റവും വിശ്വസ്തതയോടെ ഇവയെല്ലാം പൗരസ്ത്യർ തന്നെ അനുസരിക്കണം. മുമ്പത്തേക്കാൾ കൂടുതലായി ഇവ പഠിക്കുകയും പൂർണ്ണമായി ആചരിക്കുകയും വേണം. കാലത്തിന്റേയോ വ്യക്തിയുടെയോ സാഹചര്യങ്ങൾക്ക് അടിപ്പെട്ട് തങ്ങൾക്ക് ചേരാത്ത വിധത്തിൽ ഇവയിൽനിന്നും വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേക്ക് തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്" (*OE* 6). പൗരസ്ത്യസഭകളുടെയെല്ലാം പാരമ്പര്യം നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം "പുത്രനിൽ നിന്നും" എന്നുള്ള കൂട്ടിച്ചേർക്കൽ കൂടാതെ ചൊല്ലുക എന്നതാണ്. മാർത്തോമാ നസ്രാണികളുടെ പൗരസ്ത്യസുറിയാനി ആരാധനക്രമവും പിന്തുടർന്നിരുന്ന പാരമ്പര്യവും അതുതന്നെ. എന്നാൽ, ആ വ്യക്തിസഭയിൽ നിയമവിരുദ്ധമായി അടിച്ചേൽപ്പിച്ച ഉദയംപേരൂർ സൂനഹദോസിലെ തീരുമാനങ്ങളുടെ പരിണിതഫലമായി, ആ സഭാപാരമ്പര്യത്തിൽ എഴുതിച്ചേർക്കപ്പെട്ട "പുത്രനിൽ നിന്നും" പുറപ്പെടുന്ന പരിശുദ്ധാത്മാവ് എന്ന ഭാഗം തങ്ങളുടെ രൂപതകളിൽ വേണ്ടെന്ന് വയ്ക്കുവാനുള്ള ആർജ്ജവവും വിവേകവുമാണ്, സീറോ-മലബാർ സഭ എന്ന പൗരസ്ത്യ കത്തോലിക്കാസഭയിലെ മെത്രാന്മാർ ഇന്ന് കാണിക്കേണ്ടിയിരിക്കുന്നത്. 1959 ലെ സീറോ-മലബാർ മെത്രാന്മാരെല്ലാവരും പാശ്ചാത്യദൈവശാസ്ത്ര പഠനങ്ങളിലൂടെ വളർന്നു വന്നവരായിരുന്നു. അതിനാൽ, അവർക്ക് പാശ്ചാത്യമായതെല്ലാം സ്വീകാര്യവും ഉന്നതവുമായി തോന്നിയിരിക്കാം. എന്നാൽ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പൗരസ്ത്യ സഭകളെപ്പറ്റിയുള്ള വ്യക്തമായ പഠനത്തിനുശേഷവും, പൗരസ്ത്യപാരമ്പര്യമായ "പിതാവിൽ നിന്നു പുറപ്പെടുന്ന... പരിശുദ്ധാത്മാവ്" എന്ന വിശ്വാസപ്രഘോഷണ രീതിയിലേക്ക് തിരിച്ചുപോകാൻ മടിക്കുന്നത്, പ്രസ്തുത മെത്രാന്മാരുടെ ആഴമായ ബോധ്യങ്ങളുടെ അഭാവമായി ആരെങ്കിലും കണ്ടാൽ അവരെ കുറ്റം പറയാനാവില്ല. സ്വന്തം സഭയുടെ സ്വത്വം തിരിച്ചറിയുവാനും അതിൽ അഭിമാനിക്കുവാനും അത് ഏറ്റു ചൊല്ലുവാനുമുള്ള വരം സീറോ-മലബാർ സഭയിലെ എല്ലാ വൈദികമേലദ്ധ്യക്ഷന്മാർക്കും വൈദികർക്കും അല്മായർക്കും ലഭിക്കുന്നതിനായി എല്ലാവരും പ്രാർത്ഥിക്കുക മാത്രമേ കരണീയമായുള്ളൂ എന്ന് തോന്നുന്നു. ഏതായാലും, "പിതാവിൽ നിന്ന് പുറപ്പെടുന്ന പരിശുദ്ധാത്മാവ്" എന്ന അവിഭക്ത കത്തോലിക്കാ സഭയുടെ വിശ്വാസപ്രമാണവും "പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്" എന്ന ലത്തീൻസഭയുടെ വിശ്വാസപ്രമാണവും,

പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകസത്തയായതിനാൽ, ഒന്നുതന്നെയെന്നും അതിൽ ഏത് ചൊല്ലിയാലും തെറ്റോ പാഷണ്ഡതയോ ഇല്ല എന്നും 1439 ൽ ഫ്ളോറൻസ് സാർവത്രിക സൂനഹദോസിലെ തീരുമാനത്തിന്റെ ഭാഗമായി മാർപാപ്പ പ്രഖ്യാപിച്ചതിനുശേഷം ഇതിലേത് രൂപത്തിൽ വിശ്വാസപ്രഖ്യാപനം നടത്തിയാലും അത് തെറ്റല്ലെങ്കിൽ കൂടി, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ (*OE* 6) ആഹ്വാനത്തിനുശേഷം, നാം നമ്മുടെ പൗരസ്ത്യപാരമ്പര്യങ്ങളിലേക്ക് തിരിച്ച് പോകുന്നതാണ് കൂടുതൽ ഉചിതം.

**ഉപസംഹാരം**

"കപടലോകത്തിൽ ആത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം" എന്ന് കവി ചങ്ങമ്പുഴ കൃഷ്ണപിള്ള തന്റെ *പാടുന്ന പിശാച്* എന്ന ഖണ്ഡകാവ്യത്തിലെഴുതിയിട്ടുണ്ട്. സീറോ-മലബാർ സഭയെ സംബന്ധിച്ചിടത്തോളം, അതൊരു പൗരസ്ത്യസഭയാണെന്നും അതിന്റെ സ്വത്വത്തിലും പാരമ്പര്യത്തിലും നമുക്ക് അഭിമാനിക്കാമെന്നും അറിവില്ലാത്ത, അഥവാ അത് മറക്കാൻ ശ്രമിക്കുന്ന, ചില വിമതക്കോമരങ്ങളുടെ പാശ്ചാത്യാനുകരണശ്രമങ്ങളെ വേണ്ട രീതിയിൽ പ്രതിരോധിക്കുവാൻ ശ്രമിക്കാത്ത, സാലഭഞ്ജികകൾപോലെ തോന്നുന്ന വൈദികമേലദ്ധ്യക്ഷന്മാരുടെ സാന്നിധ്യവും, സത്യമറിയാമെങ്കിലും സത്യത്തിനുവേണ്ടി സഹിക്കുവാനുള്ള മടിമൂലം, എന്താണ് സത്യമെന്ന് ചോദിച്ച പീലാത്തോസിനെപ്പോലെ സ്വന്തം കൈകൾ കഴുകി അധികാരത്തിന്റെ ശീതളഛായയിൽ സ്വസ്ഥമായി വിശ്രമിക്കുന്നവരുമാണെന്ന് പറയാതെ വയ്യ. "നമുക്കും പോകാം, അവനോടുകൂടെ പോയി മരിക്കാം" എന്ന് പറഞ്ഞ മാർത്തോമ്മാ ശ്ലീഹായുടെ മാതൃക സ്വജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരും നിശ്ചയദാർഢ്യത്തോടെ, ഒത്തൊരുമയോടെ, തീരുമാനിച്ചുറപ്പിച്ച് തങ്ങളുടെ ദൗത്യനിർവഹണത്തിനായി ഇറങ്ങിത്തിരിച്ചാൽ അന്ന് തീരും എല്ലാ വിമതസ്വരങ്ങളും സംരംഭങ്ങളും ഈ സഭയിൽ.

ഒന്നുകൂടി ചുരുക്കി പറഞ്ഞാൽ, സീറോ-മലബാർ തക്സയിൽ കൊടുത്തിരിക്കുന്ന വിശ്വാസപ്രമാണത്തിലെ ''പുത്രനിൽ നിന്നും'' എന്നുള്ള ഭാഗം രണ്ട് രേഖകളുടെ മദ്ധ്യത്തിൽ കൊടുത്തിരിക്കുന്നത് ഒരു പ്രത്യേക ഉദ്ദ്യേശത്തോടുകൂടിയാണ്. അതിന്റെ അർത്ഥം ആ ഭാഗം ചൊല്ലണമോ വേണ്ടയോ എന്ന തീരുമാനം രൂപതാദ്ധ്യക്ഷന് വിട്ടുകൊടുത്തിരിക്കുന്നു എന്നുതന്നെയാണ്. തത്സംബന്ധിയായ പരിശുദ്ധ മാർപാപ്പയുടെ 1959 ലെ തീരുമാനം ഇന്നും നിലനിൽക്കുന്നു. ''പുത്രനിൽ നിന്നും" എന്നുള്ള ഭാഗം ചൊല്ലിയാലും ഇല്ലെങ്കിലും പ്രഖ്യാപിക്കുന്ന വിശ്വാസം ഒന്നുതന്നെ. എന്നിരുന്നാലും, ഒരു പൗരസ്ത്യ കത്തോലിക്കാസഭ എന്ന നിലയിൽ സീറോ-മലബാർ സഭയിലെ രൂപതകൾ തങ്ങളുടെ പരമ്പരാഗതമായ വിശ്വാസപ്രഘോഷണത്തിലേക്ക് തിരിച്ചു പോകുന്നതാണ് വത്തിക്കാൻ കൗൺസിൽ ചൈതന്യത്തോട് വിശ്വസ്തത പാലിക്കുവാൻ കൂടുതൽ സഹായകമാകുന്നത്.